**<u>15 -ാം കേരള നിയമസഭ</u>**

**<u>16 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 701</u>** **<u>28-01-2026 - ൽ മറുപടിയ്ക്ക്</u>**

**<u>കെ.എസ്.ഇ.ബി.യുടെ "സേവനങ്ങൾ വാതിൽപ്പടിയിൽ" പദ്ധതി</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. ആർ. പ്രദീപ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ഇ.ബി.യുടെ " സേവനങ്ങൾ വാതിൽപ്പടിയിൽ" പദ്ധതി എന്നു മുതലാണ് നടപ്പിലാക്കിയത്; ഈ പദ്ധതിയിലൂടെ എന്തെല്ലാം സേവനങ്ങളാണ് ഉപഭോക്താവിനു ലഭിക്കുന്നത്; വിശദമാക്കാമോ? | (എ) | വൈദ്യുതി സംബന്ധമായ സേവന ങ്ങളെല്ലാം വീട്ടുപടിക്കൽ എത്തിക്കുന്ന 'സേവനം വാതിൽപ്പടിയിൽ' (Service at Door Steps) എന്ന പദ്ധതി 2021 ഫെബ്രുവരി മാസത്തിൽ ആരംഭിക്കുകയും ജൂലൈ 2021 മുതൽ എല്ലാ സെക്ഷനുകളിലേയ്ക്കും വ്യാപിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇത് പ്രകാരം പുതിയ വൈദ്യുതി കണക്ഷൻ ലഭിക്കാനും, ഉടമസ്ഥാവകാശ മാറ്റം, കണക്റ്റഡ് ലോഡ്, താരിഫ് മാറ്റം, ഫേസ് മാറ്റം, വൈദ്യുതി ലൈൻ മാറ്റി സ്ഥാപിക്കൽ, മീറ്റർ മാറ്റി സ്ഥാപിക്കുക തുടങ്ങിയ സേവനങ്ങൾ ലഭിക്കുന്നതിനും സേവനം ആവശ്യമുള്ള വ്യക്തിയുടെ പേരും ഫോൺ നമ്പറും ബന്ധപ്പെട്ട സെക്ഷൻ ഓഫീസിലോ 1912 എന്ന കസ്റ്റമർ കെയർ നമ്പർ വഴിയോ, ഓൺലൈൻ വഴിയോ രജിസ്റ്റർ ചെയ്താൽ ഉപഭോക്താവിന്റെ വീട്ടിൽ ജീവനക്കാർ നേരിട്ടു പോയി രേഖകൾ കൈപ്പറ്റുകയും ചെയ്യും.<br><br>ഇതിനായി ജീവനക്കാർക്കുള്ള മൊബൈൽ ആപ്പ് 13.08.2021 മുതൽ നിലവിൽ വന്നു. ഈ ആപ്പ് ഉപയോഗിച്ച് ജീവനക്കാരൻ സേവനം ആവശ്യമുള്ള വ്യക്തിയുടെ സ്ഥലത്തു പോയി ആവശ്യമായ വിവരങ്ങൾ മൊബൈൽ ആപ്പിൽ രേഖപ്പെടുത്തുകയും രേഖകൾ സ്കാൻ ചെയ്ത് അപ് ലോഡ് ചെയ്യുകയും ആയത് ഉടൻതന്നെ കേന്ദ്രീകൃത സർവർ കമ്പ്യൂട്ടറിൽ രേഖപ്പെടുത്തുവാനും കഴിയും. ഇത്തരത്തിൽ ഒരു ഉപഭോക്താവിന് ഓഫീസിൽ വരുകയോ രേഖകളും അപേക്ഷയുമായി അക്ഷയ സെന്ററുകളിൽ കാത്തു നിൽക്കുകയോ ചെയ്യാതെ തന്നെ സേവനങ്ങൾ വീടുകളിൽ തന്നെ ലഭ്യമാവുന്നതാണ്. |

സെക്ഷൻ ഓഫീസർ